# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3597 15-07-15 -ൽ മറുപടിക്ക്

### എടവനക്കാട്, നായരമ്പലം എന്നിവിടങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) അതിരൂക്ഷമായ കടലാക്രമണം നേരിടുന്ന എടവനക്കാട്, നായരമ്പലം എന്നിവിടങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കണമെന്ന് ചെന്നൈ ഐ. ഐ. ടി. യിലെ വിദഗ്ധർ സർക്കാരിനോട് ശിപാർശ ചെയ്തിരുന്നുവോയെന്ന് വ്യക്തമാക്കാമോ ;ശിപാർശ പ്രകാരം നായരമ്പലം, എടവനക്കാട് എന്നിവിടങ്ങളിൽ എത്ര പുലിമുട്ടുകളാണ് നിർദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) ശുപാർശ ചെയ്തിരുന്നു. എടവനക്കാട് പഞ്ചായത്തിലെ ചാത്തങ്ങാട് 6 പുലിമുട്ടുകൾ ചേർന്ന ഒരു ഗ്രോയിൻ ഫീൽഡ് ഐ.ഐ.റ്റി ശുപാർശ ചെയ്തതിൽ 2 പുലിമുട്ടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. നായരമ്പലത്ത് ശുപാർശ ചെയ്ത 6 പുലിമുട്ടുകൾ ചേർന്ന ഒരു ഗ്രോയിൻ ഫീൽഡ് പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പുലിമുട്ടുകളിൽ എത്ര എണ്ണം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് ; | (ബി) ഈ കാലയളവിൽ പുലിമുട്ടുകൾ സ്ഥാപിച്ചിട്ടില്ല. |
| (സി) പ്രസ്തുത പ്രദേശങ്ങളിൽ കടലാക്രമണം മൂലം ജനജീവിതം അപകടത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഉണ്ട്. |

JSK/

| | | | |
|---|---|---|---|
| (ഡി) | ചെന്നൈ ഐ. ഐ. ടി. യിലെ വിദഗ്ദ്ധർ സമർപ്പിച്ച റിപ്പോർട്ടിൽ കടലാക്രമണം തടയുന്നതിനുള്ള ശാശ്വതമായ പരിഹാരം പുലിമുട്ട് സ്ഥാപിക്കുകയാണെന്ന് പ്രസ്താവിച്ചിട്ടുണ്ടോ ; | (ഡി) | കടലാക്രമണം രൂക്ഷമായ പ്രദേശത്തിൽ ഇതിനെ പ്രതിരോധിക്കുന്നതിനു വേണ്ടിയുള്ള നിർമ്മിതികൾ ഏതാണെന്ന് നിർദ്ദേശിക്കുന്നതിനുവേണ്ടി മദ്രാസ് ഐ.ഐ.ടി യെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിലാണ് കടൽ ഭിത്തിയോ പുലിമുട്ടുകളോ നിർമ്മിക്കേണ്ടത് എന്ന് തീരുമാനിക്കുന്നത്. |
| (ഇ) | അതിരൂക്ഷമായ കടലാക്രമണ സാഹചര്യം കണക്കിലെടുത്ത് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) | 5.75 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

JSK/